PAPER - I

# കെ.പി.എസ്.ടി.എ ജില്ലാ അക്കാദമിക് കൗൺസിൽ (മലപ്പുറം)

എൽ.എസ്.എസ്. പരീക്ഷ മോഡൽ
ചോദ്യ പേപ്പർ 2016 – 2017

Total Time : 1.30 Hrs | Total Mark 40

Reg. No:

- പാർട്ട് എ മലയാളം വിശദമായി ഉത്തരമെഴുതേണ്ട രണ്ട് ചോദ്യങ്ങളും ഒറ്റ വാക്കിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങളുമുണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും അനുവദിച്ച സ്ഥലത്ത് ഉത്തരമെഴുതുക.
- പാർട്ട് ബി ഇംഗ്ലീഷ് 5 സ്കോർ വീതമുള്ള 2 ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- പാർട്ട് സി പൊതുവിജ്ഞാനം ഒറ്റ വാക്കിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
- രജിസ്റ്റർ നമ്പർ മുകളിൽ അനുവദിച്ച സ്ഥലത്ത് എഴുതുക.

## PAPER - I

## Part - A MALAYALAM

ചോദ്യം 1 മുതൽ 12 വരെ | Mark: 20

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക.**

1. 'കൃഷ്ണനാട്ടം' എന്ന കലാരൂപത്തിന് ജൻമം കൊടുത്തത് ആര്?

ഉത്തരം:-

2. "നമുക്കുനാമേ പണിവതു നാകം നരകവുമതു പോലെ" ഈ വരികൾ ആരുടേതാണ്?

ഉത്തരം:-

3. ദുന്ദുഭി എന്ന പദത്തിന്റെ അർത്ഥം എഴുതുക?

ഉത്തരം

4. പരന്നു കിടപ്പുണ്ടാകാശം - പിരിച്ചെഴുതുക?

ഉത്തരം:-

5. 'പഴം പുഴുങ്ങിയതായാലും
   പഴഞ്ചനെന്നേ തോന്നുന്നു' ഈ വരികൾ ആരുടേതാണ്?

ഉത്തരം:-

6. 'ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കൃതികൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ആരുടെ കൃതികളാണ്

   a) ചന്തു മേനോന്റെ ഇന്ദുലേഖ

   b) കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ

   c) കുമാരനാശാന്റെ പദ്യ കൃതികൾ

   d) സി .വി. രാമൻ പിള്ളയുടെ ചരിത്ര നോവലുകൾ

ഉത്തരം:-

7. 2016 ലെ ബാല സാഹിത്യ പുരസ്കാരം നേടിയത്

a) കെ. ആർ. മീര
b) മനോജ് കുമാർ
c) എൻ . പി ഹഫീസ്
d) സൂര്യ ഗോപി

ഉത്തരം:-

8. 'എഴുത്തുകുത്തില്ലേലും ഫോണിൽ കുത്താം'ഇത് വ്യക്മാക്കുന്നതെന്ത്?

a) ആധുനിക സമൂഹത്തിൽ, മൊബൈൽ ഫോൺ ഉപയോഗം കൂടുകയും എഴുത്തുകുത്തുകൾ കുറയുകയുമാണ്
b) വിശ്വാസം നഷ്ടമാകുന്നു
c) ഫോൺ കൂടുതൽ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു
d) ആധുനിക സമൂഹത്തിൽ പരസ്പര ബന്ധം കുറവാണ്

ഉത്തരം:-

9. കൂട്ടത്തിൽ പെടാത്തത് ഏതാണ്?

a) നീരദം
a) മുകിൽ
c) കാർമേഘം
d) ധര

ഉത്തരം:-

10. ഞാനാര്?

'ആടി ആടി നിന്നതും ഞാൻ
അഴകനെ പെറ്റതും ഞാൻ
അഴകനിതാ അറയിലും മുറിയിലും
ഞാനിതാ ചേറിലും ചെളിയിലും'

ഉത്തരം:-

11. കവിത വായിക്കുക.

പാടത്ത് മൂവന്തി വന്നു നിന്നു
മേയുന്ന പൈക്കൾ മടക്കമായി
മാളിക കേറ്റുവാൻ സമ്മതിച്ച്
മണ്ണിട്ടു തൂർക്കുവാൻ ഒപ്പുവെച്ച്
തന്റെ ജൻമത്തിന്നൊടുവിലത്തെ
കൊയ്ത്തും മെതിയും കഴിഞ്ഞ പാടം
പന്തുകളിക്കും കിടാങ്ങളെക്ക-
ണ്ടെന്തിനാവോ വെയിൽ മുകമായി?
കൈതയോടെന്തോ പറഞ്ഞു നിൽക്കേ
കാറ്റിന്റെ കൺകൾ നിറഞ്ഞു പോയി
ഈ വകയൊന്നുമറിഞ്ഞിടാതെ
ഇത്തിരിപ്പച്ചത്തലപ്പുകളും
പച്ചത്തലപ്പുകൾ വിട്ടുപോകാനി
ഷ്ടമില്ലാത്തൊരു നീർക്കണവും
കട്ടകൾ കണ്ട വിടവിലെങ്ങും
കണ്ണാരം പൊത്തിക്കളിച്ചിരുന്നു

(മോഹന കൃഷ്ണൻ, കാലടി)

a) 'പാടത്ത് മൂവന്തി വന്നു നിന്നു'

എന്നത് കൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്താണ്? (സ്കോർ-1)

ഉത്തരം:-

b) കവിതയ്ക്ക് ഒരു വ്യാഖ്യാനം തയ്യാറാക്കുക (സ്കോർ-4)

ഉത്തരം:-

12. a) നമ്മുടെ നാടിന്റെ ഐശ്വര്യങ്ങളായ നദികളും വയലുകളുമെല്ലാം അന്യം നിന്നും പോകുന്ന കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നദികൾ മാലിന്യ കൂമ്പാരങ്ങൾ നിറഞ്ഞ് ഒഴുകുകയാണ്. വെള്ളത്തിന് നിറ വ്യത്യാസവും ദുർഗന്ധവും. വയലുകൾ എല്ലാം മണ്ണിട്ടു നിരപ്പാക്കൽ.നാടെങ്ങും പ്രതിഷേധം. പ്രതിഷേധ പൊതുയോഗത്തിൽ പങ്കെടുക്കാൻ നാട്ടുകാരെ ക്ഷണിച്ചുകൊണ്ട് നോട്ടീസ് തയ്യാറാക്കുക.

സ്ഥലം കവളപ്പാറ സമയം: 10: മാ തിയ്യതി 24 / 03/ 2017 (സ്കോർ -4)

ഉത്തരം:-

b) ഇതോടനുബന്ധിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുക. (സ്കോർ-1)

ഉത്തരം:-

PAPER - I

ചോദ്യം 13 മുതൽ 14 വരെ **Part - B ENGLISH** Mark: 10

13. Choose the correct word from the bracket and fill in the blanks
A fat boy.....................................on one of Anna's boats and pulled it.
(looked, tore, claimed, pounced)

Answer:-

b) Make a meaningful word from the given letters and complete the sentence

| | | | | | | | |
|---|---|---|---|---|---|---|---|
| d | y | u | e | l | s | n | d |

....................................two little elves came

Answer:-

c) Read the following lines of a song and add four lines to it.

Work while you work
Play while you play
Draw while you draw
That is the way to the aim.

Speak while you speak
..............................................................................
..............................................................................
..............................................................................

14. a) The thing which you can't see on a carpentar's table
hammer, chisel, spanner, camera.

Answer:-

b) Rearrange the given words and write the answer to the question?
boy / was / servent / a / Ivan

Answer:-

c) Honesty shop - write a description about this shop - Describe a Summer Fair in your village.

Answer:-

PAPER - I

ചോദ്യം 15 മുതൽ 24 വരെ **Part - C പൊതുവിജ്ഞാനം** Total Mark: 10

15. ആദ്യത്തെ വനിതാ സുപ്രീം കോടതി ജഡ്ജി

a) അന്നാ ചാണ്ടി

b) ഫാത്തിമാ ബീവി

c) കെ. കെ. ഉഷ

d) ആയിഷാ ബീവി

ഉത്തരം:-

16. കേരളത്തിലെ പക്ഷികൾ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്

a) ഇന്ദുചൂഡൻ
b) വിലാസിനി
c) സലീം അലി
d) മാധവിക്കുട്ടി

ഉത്തരം:-

17. 'സൈന' ഏതു കളിയുമായി ബന്ധപ്പെട്ട താരമാണ്?

a) ടെന്നീസ്
b) ഫുട്ബോൾ
c) ബാഡ്മിന്റൺ
d) ഹോക്കി

ഉത്തരം:-

18. ജല്ലിക്കെട്ടിന് പ്രശസ്തിയാർജിച്ച സ്ഥലം

a) കോയമ്പത്തൂർ
b) തിരുനെൽവേലി
c) ഊട്ടി
d) മധുര

ഉത്തരം:-

19. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ള ജില്ല

a) പാലക്കാട്
b) ഇടുക്കി
c) വയനാട്
d) കാസർഗോഡ്

20. ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനം

ഉത്തരം:-

21. രക്തത്തിലെ ഹീമോഗ്ലോബിനിൽ അടങ്ങിയിരിക്കുന്ന ലോഹം.

ഉത്തരം:-

22. മൗഗ്ളി ഏത് നോവലിലെ കഥാപാത്രമാണ്?

ഉത്തരം:-

23. മലയാള അക്ഷരമാലയിൽ ഒരു അക്ഷരത്തിന് രണ്ടു രീതിയിൽ ഉച്ചാരണമുണ്ട്. ഏതാണ് ആ അക്ഷരം.

ഉത്തരം:-

24. തദ്ദേശ സ്ഥാപനങ്ങളിൽ ഈടാക്കുന്ന നികുതി

ഉത്തരം:-